പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2193 — 13.06.2019 -ൽ മറുപടിക്ക്

**ആശുപത്രിയിലെ കിടപ്പുരോഗികൾക്ക് അരി നൽകുന്നതിന് നടപടി**

| ചോദ്യം<br>**ശ്രീ.ആർ. രാമചന്ദ്രൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് പുതിയകാവ് നെഞ്ച് രോഗാശുപത്രിയിലെ കിടപ്പുരോഗികൾക്ക് ഭക്ഷണം നൽകുന്നതിന് വേണ്ടി സൗജന്യമായി അരി നൽകിയിരുന്നത് എന്ന് മുതലാണ് നിർത്തിവെച്ചത്; അരി വിതരണം നിർത്തിയതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിക്ക് അനുവദിച്ചിട്ടുള്ള എ.പി.എൽ പെർമിറ്റിന് 1/2019 മുതലാണ് വിതരണം നിർത്തിവച്ചിട്ടുള്ളത്. എസ്റ്റാബ്ലിഷ്മെന്റ്/ എ.പി.എൽ പെർമിറ്റുകൾക്ക് ഭക്ഷ്യധാന്യം നല്കിയിരുന്നത് മുൻഗണനേതര വിഭാഗത്തിനുള്ള ടൈഡ് ഓവർ വിഹിതത്തിൽ നിന്നുമായിരുന്നു. എന്നാൽ ടി വിഹിതം അപര്യാപ്തമായതിനാൽ ഈ പെർമിറ്റുകൾ താല്ക്കാലികമായി പുതുക്കി നല്കിയിരുന്നില്ല. |
| (ബി) ഈ ആശുപത്രിയിലേക്കാവശ്യമായ അരി ലഭ്യമാക്കുന്നതിനും പാവപ്പെട്ട രോഗികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ബി) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ ധർമ്മ സ്ഥാപനങ്ങൾ, മാനസിക രോഗാശുപത്രികൾ, ത്വക്ക് രോഗ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെ കൂടി സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങളായ അഗതി മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ മുതലായ സ്ഥാപനങ്ങൾക്കും, എസ്.സി, എസ്.റ്റി, ഒ.ബി.സി ഹോസ്റ്റലുകൾ എന്നിവയ്ക്കും ഭക്ഷ്യധാന്യങ്ങൾ നല്കുന്ന കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി വെൽഫെയർ പെർമിറ്റ് പ്രകാരം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം സജീവമായി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ